# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2013-14, 2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോഴിക്കോട് ജില്ല
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.എൽ.എഫ്.കെ.കെ.ഡി.പി.13/247 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല
തീയ്യതി -07-05-2016

ജോയിന്റ് ഡയറക്ടർ,
കോഴിക്കോട്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പ്രതി

നം എൽ.എഫ്.കെ.കെ.ഡി.പി/ /2016 തീയതി : 07-05-2016

## കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിന്മേലുളള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.01.2014 മുതൽ 12.01.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.പി. ബി. സുരേന്ദ്രൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.01.2016 മുതൽ 29.01.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ആർ. രാജീവ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രബിത. ടി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുരേഷ് കുമാർ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| ശ്രീ.അനൂപ്. കെ.വി | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ആന്റണി നീർവേലിൽ | 01.04.2013 മുതൽ 31.03.2015 വരെ |
| സെക്രട്ടറി | ശ്രീ പി.ടി.അരവിന്ദൻ | 01.04.2013 മുതൽ 31.03.2015 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | കെ.പി.ജയരാജൻ | 01.04.2013 മുതൽ 03.10.2013 വരെ |
| | നസീർ.ടി.കെ | 04.10.2013 മുതൽ 07.11.2013 വരെ |
| | അനുശ്രീ.വി | 08.11.2013 മുതൽ 05.05.2014 വരെ |
| | മീന.ടി.ഡി | 06.05.2014 മുതൽ 04.08.2014 വരെ |
| | ഷാദിയ.പി | 05.08.2014 മുതൽ 29.01.2015 വരെ |
| | മീന.ടി.ഡി | 30.01.2015 മുതൽ 31.03.2015 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ഹനീഫകോയ | 01.04.2013 മുതൽ 16.05.2013 വരെ |
| | ഡോ.ജയശ്രീ.കെ.വി | 17.05.2013 മുതൽ 03.09.2013 വരെ |
| | ഡോ.സിബി.കെ.ചാക്കോ | 04.09.2013 മുതൽ 07.04.2014 വരെ |
| | ഡോ.ഗീത | 08.04.2014 മുതൽ 31.03.2015 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി.(ആരോഗ്യം) | ഡോ.സ്നേഹലത | 01.04.2013 മുതൽ27.08.2013 വരെ |
| | ഡോ.രശ്മിഅരവിന്ദാക്ഷൻ | 28.08.2013 മുതൽ 28.09.2014 വരെ |
| | ഡോ.ഹൈഫമൊയ്തീൻ | 29.09.2014 മുതൽ 31.03.2015 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അബ്ദുൾസമദ്.എ.കെ | 01.04.2013 മുതൽ 30.06.2014 വരെ |
| | ഡോ.സ്മിത.കെ.എസ് | 01.07.2014 മുതൽ 31.03.2015 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.കവിത | 01.04.2013 മുതൽ 01.03.2015 വരെ |
| | ഡോ.സുമയ്യ | 01.03.2015 മുതൽ 31.03.2015 വരെ |
| വി.ഇ.ഒ | മനോഹരൻ<br>ശശി | 01.04.2013 മുതൽ 09.01.2015 വരെ<br>10.01.2015 മുതൽ 31.03.2015 വരെ |
| | ശശി | 01.04.2013 മുതൽ 31.03.2015 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലക്ഷ്മിക്കുട്ടി.എം.വി | 01.04.2013 മുതൽ 30.09.2014 വരെ |
| | അന്നക്കുട്ടി മാത്യു | 01.10.2014 മുതൽ 31.03.2015 വരെ |
| ഹെഡ്മാസ്റ്റർ | ടി.ടി.ജോൺസൺ | 01.04.2013 മുതൽ 31.03.2015 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീജിത്ത്.പി | 01.04.2013 മുതൽ 15.05.2013വരെ |
| | ദേവദാസൻ.ടി | 16.05.2013 മുതൽ 13.06.2013 വരെ |
| | പ്രദീപ്കുമാർ.പി | 14.06.2013 മുതൽ 31.03.2015 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വർക്കി തോമസ് | 01.04.2013 മുതൽ 31.03.2015 വരെ |
| അസി.സെക്രട്ടറി | കെ.ഗിരീഷ് കുമാർ | 01.04.2013 മുതൽ 31.03.2015 വരെ |

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു

| ഭാഗം-1പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമപദ്ധതികൾ |

| | |
|---|---|
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ടാറിങ് പ്രവൃത്തികൾക്ക് മതിയായ അളവിൽ ടാർ ഉപയോഗിച്ചില്ല |
| 3-2 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 3-3 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 3-4 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. |
| 3-5 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം- അപാകതകൾ |
| 3-6 | ചെമ്പിലി കോളിക്കുന്ന് കുടിവെള്ള പദ്ധതി - മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 3-7 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-8 | പഞ്ചായത്ത് തീരുമാനങ്ങൾ - തുടർ നടപടികൾ ലഭ്യമാക്കിയില്ല |
| 3-9 | ആശ്രയ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു. |
| 3-10 | ഭവനനിർമ്മാണം - പൂർത്തിയാക്കിയില്ല |
| 3-11 | ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ജില്ലാ പഞ്ചായത്തിനു കൈമാറുന്നതിനു തീരുമാനിച്ചു |
| 3-12 | പട്ടികജാതി സ്ഥലം വാങ്ങൽ - അപാകത സംബന്ധിച്ച് |
| 3-13 | എസ്.എൽ.ഐ.പ്രീമിയം പുതുക്കിയ നിരക്കിൽ ഈടാക്കുന്നില്ല |
| 3-14 | പ്രൊജക്ടുകളുടെ ആധിക്യം – നിർവ്വഹണം കാര്യക്ഷമമല്ല. |
| 3-15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - ലഘു അവലോകനം |
| ഭാഗം 4 പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംസ്ഥാനതല വിഷയാധിഷ്ഠിത അവലോകനം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിടനിർമ്മാണചട്ടങ്ങളും |
| 4-2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം -1
# പൊതു അവലോകനം
പൊതു അവലോകനം

## 1-1 ബജറ്റ്

2013-14സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2013 തിയ്യതിയിലെ ഭരണസമിതി യോഗത്തിൽ 52/13 നമ്പർ തീരുമാന പ്രകാരവും, 2014-15സാമ്പത്തിക വർഷത്തെ ബജറ്റ് 28.02.2014തിയ്യതിയിലെ ഭരണ സമിതി യോഗത്തിൽ 25(1)/14നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2013-14 | 31.07.2014 | 20.05.2014 |
| 2014-15 | 31.07.2015 | 20.07.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2013-14 | 23.07.2014 | എൽ.എഫ്.കെ.കെ.ഡി.എഫ്.2/ 1356/2014തി.03.09.2014 | വിശേഷണങ്ങളില്ലാത്തത് |
| 2014-15 | 12.11.2015 | കെ.എസ്.എ.കെ.കെ.ഡി.എഫ്.2/ 2052/15തി.19.12.2015 | വിശേഷണങ്ങളോട് കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 34615264 | 35549947 |
| വരവ് | 81130478 | 93089968 |
| ആകെ | 115745742 | 128639915 |
| ചെലവ് | 80195795 | 83376077 |
| നീക്കിയിരിപ്പ് | 35549947 | 45263838 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വർഷം | മുൻബാക്കി | വരവ്തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2013-14 | 3305684 | 13741000 | 17046684 | 12753832 | 4292852 | 74.8 |
| | 2014-15 | 4292852 | 16491000 | 20783852 | 15838178 | 4945674 | 76.20 |
| വികസന ഫണ്ട് (എസ്.സി.പി) | 2013-14 | 3244200 | 2763000 | 6007200 | 2892876 | 3114324 | 48.16 |
| | 2014-15 | 3114324 | 3125000 | 6239324 | 1409409 | 4829915 | 22.27 |
| വികസന ഫണ്ട് (ടി.എസ്.പി) | 2013-14 | 1757986 | 1724000 | 3481986 | 1237500 | 2244486 | 35.54 |
| | 2014-15 | 2244486 | 1981000 | 4225486 | 1430644 | 2794842 | 33.86 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2013-14 | 2898685 | 10577000 | 13475685 | 12643334 | 832351 | 93.82 |
| | 2014-15 | 832351 | 12369000 | 13201351 | 11250269 | 1951082 | 85.22 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2013-14 | 2930524 | 4108000 | 7038524 | 3866062 | 3172462 | 54.93 |
| | 2014-15 | 3172462 | 4852272 | 8024734 | 5140850 | 2883884 | 64.06 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2013-14 | 2885882 | 7493385 | 10379267 | 7884931 | 2494336 | 75.97 |
| | 2014-15 | 2494336 | 11148757 | 13643093 | 10660927 | 2982166 | 78.14 |
| ലോക ബാങ്ക് സഹായം | 2013-14 | 3456093 | 3987000 | 7443093 | 3846487 | 3596606 | 51.68 |
| | 2014-15 | 3596606 | 4812000 | 8408606 | 3345942 | 5062664 | 39.79 |
| പൊതു ആവശ്യ ഫണ്ട് | 2013-14 | 8485119 | 8643145 | 17128264 | 3843589 | 13284675 | 22.44 |
| | 2014-15 | 13284675 | 10135998 | 23420673 | 6157089 | 17263584 | 26.29 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| എം.എൻ.ആർ.ജി.എസ് | 2013-14<br>2014-15 | 47477<br>23565 | 7855898<br>778866 | 7903375<br>802431 | 7879810<br>729710 | 23565<br>72721 | 99.70<br>90.94 |
| ബി ഫണ്ട് | 2013-14<br>2014-15 | -- | 13154600<br>15756018 | 13154600<br>15756018 | 13154600<br>15756018 | -- | 100<br>100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 2013-14 | 227 | 173 | -- | 54 | 76 |
| 2014-15 | 329 | 214 | -- | 115 | 65 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 2013-14 | 227 | 173 | -- | 54 | 76 |
| 2014-15 | 329 | 214 | -- | 115 | 65 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷങ്ങളിൽ തനതുവരുമാനത്തിൽ സ്ഥാപനത്തിന് താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2013-14, 2014-15

| ഇനം | മുൻവർഷം | 2013-14 | 2014-15 | വ്യത്യാസം | %(+)/(-) |
|---|---|---|---|---|---|
| നികുതി വരവുകൾ | 3261882 | 3719647 | 5351604 | 1631957 | 43.87 |
| നികുതിയേതര വരവുകൾ | 583895 | 863730 | 729854 | 133876 | -15.49 |
| മറ്റു വരവുകൾ | 7292463 | 8728677 | 10168286 | 1439609 | 16.49 |
| ആകെ | 11138240 | 13312054 | 16249744 | 2937690 | 22.06 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | വർഷം, ഗുണഭോക്താക്കളുടെ എണ്ണം | | ചെലവഴിച്ച തുക |
|---|---|---|---|
| തൊഴിൽ രഹിത വേതനം | 2013-14<br>2014-15 | 155<br>157 | 82800<br>174600 |
| കർഷക തൊഴിലാളി പെൻഷൻ | 2013-14<br>2014-15 | 748<br>806 | 3637131<br>5771175 |
| വിധവാ പെൻഷൻ | 2013-14<br>2014-15 | 816<br>946 | 5804016<br>5461395 |
| വികലാംഗ പെൻഷൻ | 2013-14<br>2014-15 | 312<br>370 | 2722269<br>2360330 |
| വാർദ്ധക്യകാല പെൻഷൻ | 2013-14<br>2014-15 | 227<br>1416 | 346684<br>1756453 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2013-14<br>2014-15 | 19<br>24 | 168700<br>205065 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2013-14<br>2014-15 | 12<br>-- | 360000<br>-- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5377/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/ വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2015മുതൽ 19.09.2015 വരെ | 01.06.2015മുതൽ 30.06.2015 വരെ | 06.11.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.08.2010മുതൽ 01.09.2010 വരെ | 2005-06 മുതൽ 2009-10 വരെ | 05.10.2010 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1)കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല

2) റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ കേ.പ.രാ. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.6) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടാറിങ് പ്രവൃത്തികൾക്ക് മതിയായ അളവിൽ ടാർ ഉപയോഗിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ വിവിധ ടാറിങ് പ്രവൃത്തികളിൽ, താഴെ പറയുന്ന പ്രവൃത്തികൾക്ക് മതിയായ അളവിൽ ടാർ ഉപയോഗിക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.നെല്ലിപ്പൊയിൽ പാത്തിപ്പാറ റോഡ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 30/14-15 |
| അടങ്കൽ തുക 10,00,000 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്)<br>തനതുഫണ്ട് |
| എഗ്രിമെന്റ് നമ്പർ | 51/6.11.13 |
| കൺവീനർ | ശ്രീ.ജോസ് |
| എം.ബുക്ക് നമ്പർ | 22/13-14 |
| ചെലവു തുക<br>3,63,982<br>1,00,000<br>5,17,083 | ബിൽ നമ്പർ<br>111/17.12.2013<br>123/19.12.2013<br>152/15.02.14 |

പ്രസ്തുത പ്രവൃത്തിയ്ക്ക് താഴെ പറയും പ്രകാരം ടാർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ (എം ബുക്ക് പ്രകാരം) | പ്രവൃത്തി ഇനം | ചെയ്ത അളവ് | ഉപയോഗിക്കേണ്ട ടാറിന്റെ അളവ് |
|---|---|---|---|
| 4 | പോട്ട് ഹോൾ ഫില്ലിങ് | 7.39 m3 | @27.5kg/m3 203.25 |
| 5 | ബിറ്റുമെൻ ലെവലിങ് കോഴ്സ് | 33.17 m3 | @20 kg/m3 663.40 |
| 6 | ലെവലിങ് അണ്ടുലേഷൻ | 3.25m3 | @48kg/m3 156.60 |

| | | | |
|---|---|---|---|
| 7 | റീടാറിങ് | 2108 m2 | @26.6kg/10m2 5607.00<br>ആകെ 6629.98 |

മേൽ പ്രവൃത്തികൾക്കായി 42.50 (6629.98 kg) ബാരൽ ടാർ ആവശ്യമാണെങ്കിലും ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 16 പ്രകാരം 42 ബാരലാണ് (6552 kg) ഇഷ്യൂ ചെയ്തിട്ടുള്ളത്. 77 കി.ഗ്രാം കുറഞ്ഞ നിരക്കിലാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ആയതിനാൽ ഇനം 7 പ്രകാരം ചെയ്ത റീ ടാറിങ് പ്രവൃത്തിയിൽ, പ്രസ്തുത അളവ് ടാർ ഉപയോഗിച്ചുള്ള റീ ടാറിങ് 28.9 എം2 (77/2.66) പ്രവൃത്തി ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10എം2 ന് 1759/- രൂപ നിരക്കിൽ 28.9 എം 2 ന് 5092/- രൂപ അംഗീകരിക്കുന്നില്ല.

**2. മാനാം കുന്ന് എസ്.സി.കോളനി വിന്നേഴ്സ് പടി റോഡ്**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 114/13 |
| അടങ്കൽ തുക – 1,00,000/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| എഗ്രിമെന്റ് നമ്പർ | 65/14-15 തിയതി 27.09.2014 |
| കൺവീനർ | ശ്രീ.ബാലഗോപാലൻ നായർ |
| എം.ബുക്ക് നമ്പർ | 79/12-13 |
| ചെലവു തുക<br>75,102 (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നമ്പർ<br>11/27.06.2013 |

പ്രസ്തുത റോഡ് 61 മീറ്റർ സോളിങ് കഴിഞ്ഞത് മെറ്റലിങ്, ടാറിങ് പ്രവർത്തികൾ നടത്തുന്നതിനനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ എം.ബുക്ക്, വർക്ക് ബിൽ എന്നിവ പ്രകാരം ഇനം 8 ആയി 181.50 എം2 ടാറിങ് പ്രവൃത്തി നടത്തിയിട്ടുണ്ട്. 10 എം 2 ന് 29.1 കി.ഗ്രാം നിരക്കിൽ ആകെ ഉപയോഗിക്കേണ്ട ടാറിന്റെ അളവ് 528.16 കി.ഗ്രാമാണ്. എന്നാൽ ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 13 പ്രകാരം ഈ പ്രവൃത്തിയ്ക്ക് വേണ്ടി ഇഷ്യൂ ചെയ്തത് 468 കി.ഗ്രാം മാത്രമാണ്. അതായത് പ്രവൃത്തിയ്ക്ക് ആവശ്യമായതിലും 56 കി.ഗ്രാം കുറഞ്ഞ നിരക്കിൽ ടാർ ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആയതിനാൽ മേൽ ടാറിങ് പ്രവൃത്തിയിൽ, പ്രസ്തുത അളവ് ടാർ ഉപയോഗിച്ചുള്ള ടാറിങ് 19.2എം2 (56/2.91) പ്രവൃത്തി ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10എം2 ന് 1869/- രൂപ നിരക്കിൽ 19.2 എം 2 ന് 3597/- രൂപ അംഗീകരിക്കുന്നില്ല.

**3. ശാന്തി നഗർ ഇല്ലിച്ചോട് റോഡ്**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 117/13 |
| അടങ്കൽ തുക – 3,10,000<br>2,00,000<br>1,00,000 | ബ്ലോക്ക് ഷയർ<br>വികസന ഫണ്ട് |
| എഗ്രിമെന്റ് നമ്പർ | 29/13-14 തിയതി 28.01.2013 |
| കൺവീനർ | ശ്രീ. ബിജു തോമസ് |
| എം.ബുക്ക് നമ്പർ | 70/12-13 പേജ് 1 മുതൽ 46 വരെ |
| ചെലവു തുക<br>1,40,302 | ബിൽ നമ്പർ<br>23/27.06.2013(ബ്ലോക്ക് ഷെയർ) |

പ്രവൃത്തിയുടെ എം.ബുക്ക്, വർക്ക് ബിൽ എന്നിവ പ്രകാരം ഇനം 14 ആയി 344.50 എം2 ടാറിങ് പ്രവൃത്തി നടത്തിയിട്ടുണ്ട്. 10 എം 2 ന് 29.1 കി.ഗ്രാം നിരക്കിൽ ആകെ ഉപയോഗിക്കേണ്ട ടാറിന്റെ അളവ് 1002.49കി.ഗ്രാമാണ്. എന്നാൽ ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 12 പ്രകാരം ഈ പ്രവൃത്തിയ്ക്ക് വേണ്ടി ഇഷ്യൂ ചെയ്തത് 936കി.ഗ്രാം മാത്രമാണ്. അതായത് പ്രവൃത്തിയ്ക്ക് ആവശ്യമായതിലും 66.49 കി.ഗ്രാം കുറഞ്ഞ നിരക്കിൽ ടാർ ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആയതിനാൽ മേൽ ടാറിങ് പ്രവൃത്തിയിൽ, പ്രസ്തുത അളവ് ടാർ ഉപയോഗിച്ചുള്ള ടാറിങ് 22.84എം2 (66.49/2.91) പ്രവൃത്തി ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10എം2 ന് 1869/- രൂപ നിരക്കിൽ 22.84 എം 2 ന് 4270/- രൂപ അംഗീകരിക്കുന്നില്ല.

**4. മുട്ടിത്തോട്ടരിങ്കൽ പടി റോഡ്**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 246/14 |
| അടങ്കൽ തുക –<br>2,10,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡ്) | |
| എഗ്രിമെന്റ് നമ്പർ | 88/13-14 തിയതി 04.01.2013 |
| കൺവീനർ | ശ്രീ. ജോസഫ് വെള്ളംമാക്കൽ |
| എം.ബുക്ക് നമ്പർ | 70/12-13 |
| ചെലവു തുക<br>1,02,784 | ബിൽ നമ്പർ<br>211/24.03.2014 |

പ്രസ്തുത പ്രവൃത്തിയ്ക്ക് താഴെ പറയും പ്രകാരം ടാർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ(എം ബുക്ക് പ്രകാരം) | പ്രവൃത്തി ഇനം | ചെയ്ത അളവ് | ഉപയോഗിക്കേണ്ട ടാറിന്റെ അളവ് |
|---|---|---|---|
| 4 | ബിറ്റുമെൻ ലെവലിങ് കോഴ്സ് | 35.10 m3 | @20 kg/m3 702.00 |
| 7 | റീടാറിങ് | 351 m2 | @26.6kg/10m2 933.66<br>ആകെ 1635.66 |

മേൽ പ്രവൃത്തികൾക്കായി 1635.66 kg ടാർ ആവശ്യമാണെങ്കിലും ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 19 പ്രകാരം 1560 കി.ഗ്രാം ആണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. 1560 കി.ഗ്രാം ടാറിന് വില വ്യത്യാസം നൽകുന്നതിനു പകരമായി കൺവീനർക്ക് 1635.66 കി.ഗ്രാമിന് 12.36 രൂപ നിരക്കിൽ അധികമായി വില വ്യത്യാസം അനുവദിച്ചിട്ടുണ്ട്. അതായത് പ്രവൃത്തിയ്ക്ക് ആവശ്യമായതിലും 75.66 കി.ഗ്രാം കുറഞ്ഞ നിരക്കിൽ ടാർ ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആയതിനാൽ മേൽ ടാറിങ് പ്രവൃത്തിയിൽ, പ്രസ്തുത അളവ് ടാർ ഉപയോഗിച്ചുള്ള ടാറിങ് 28.4 എം2 (75.66/2.66) പ്രവൃത്തി ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10എം2 ന് 1759/- രൂപ

നിരക്കിൽ 28.44 എം 2 ന് 5003/- രൂപ അംഗീകരിക്കുന്നില്ല. കൺവീനർക്ക് നൽകിയ ടാറിനു മാത്രം (1560 കി.ഗ്രാം) വിലവ്യത്യാസം നൽകുന്നതിന് പകരം 1635.66 കി.ഗ്രാം ടാറിനും വിലവ്യത്യാസം നൽകിയത് വഴി 935/- രൂപ (1635.66-1560-75.66 x12.36) അധികം നൽകിയിട്ടുണ്ട്.

ടാറിങ് പ്രവൃത്തികൾക്ക് ആവശ്യമായതിലും കുറഞ്ഞ നിരക്കിൽ ടാർ ഉപയോഗിച്ചത് പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മയാണ് കാണിക്കുന്നത്. അധികം നൽകിയ തുക ആകെ 18,897/- (17962+935) രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ

**എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചറുകൾ നൽകൽ- മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തിട്ടില്ല**.

പ്രൊജക്ടിന്റെ പേര്.എസ്.ടി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഫർണിച്ചറുകൾ നൽകൽ

പ്രൊജക്ട് നം. S274/2015

ബിൽ നം. 10/2014-15/26.03.2015

അടങ്കൽ. 4,00,000/- രൂപ

ചെലവ്. 3,99,094/- രൂപ

നിർവ്വഹണം. ഹെഡ്മാസ്റ്റർ

എസ്.ടി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഫർണിച്ചറുകൾ നൽകൽ എന്ന പ്രൊജക്ടിനു വേണ്ടി മേൽ ബിൽ പ്രകാരം 3,99,094/- രൂപ ചെലവഴിച്ച് 2014-15 വർഷത്തിൽ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ പാലിച്ച് 103 സ്റ്റീൽ മേശകളും അത്രതന്നെ സ്റ്റീൽ കസേരകളും വാങ്ങിയിട്ടുണ്ട്. ഈ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് പരിധിയിൽ ഉള്ള 8 സ്കൂളുകൾക്ക് ഇവ നൽകിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തതായി കാണിക്കുന്ന കൈപ്പറ്റ് രശീതികൾ ഹാജരാക്കിയിരുന്നു. എന്നാൽ 28.01.2015 ൽ പഞ്ചായത്ത് ക്ലർക്ക് ആയ ശ്രീ റെയ്ഗൻ കെ ജോസിന്റെ സാന്നിദ്ധ്യത്തിൽ നടന്ന പ്രാദേശിക പരിശോധനയിൽ വിമല യു പി സ്കൂൾ മഞ്ഞുവയലിനു ആകെ നൽകിയ 10 വീതം മേശകളും കസേരകളും, ജി യു പി സ്കൂൾ, ചെമ്പുകടവിനു ആകെ നൽകിയ 54 വീതം മേശകളിലും കസേരകളിലും 17 വീതം മേശകളും കസേരകളും വിതരണം ചെയ്യാതെ സ്കൂളുകളിലെ റൂമുകളിൽ കൂട്ടിയിട്ടതായി കാണാൻ സാധിച്ചു.

കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യു ചെയ്ത് നൽകുന്ന വസ്തുക്കളുടെ ഇനം എണ്ണം ഇവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.8) മറുപടി നൽകിയിട്ടില്ല. ഫർണിച്ചറുകൾ യഥാസമയം വിതരണം ചെയ്യാത്തതിനും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പദ്ധതികൾ

1. **കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല**

പ്രൊജക്ട് നം. S0026/2014

ചെലവ് തുക. 49,895/-രൂപ

ബിൽ നം. 12/2013 -14/29.03.2014()

നിർവ്വഹണം. മെഡിക്കൽ ഓഫീസർ (അലോപ്പതി)

മേൽ ബിൽ പ്രകാരം ഉള്ള തുകയിൽ നിന്നും പാലിയേറ്റിവ് നഴ്സിന് ഹോണറേറിയം ആയി നൽകിയ 6,000/- രൂപയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല

2. ക്യാഷ് ബുക്ക് , പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2013-14 വർഷത്തിൽ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.7) മറുപടി നൽകിയിട്ടില്ല. 2013-14 വർഷത്തിൽ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. | പേര് | ചെലവ് തുക | ബിൽ.നം. തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 62/13-14 | ഐ.എ.വൈ.അധിക വിഹിതം. (2011-12.ജനറൽ) | 15,74,750 | 05/13-14 തീ.10.09.13 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |
| 2 | 88/13-14 | ഐ.എ.വൈ. വിഹിതം.(എസ്.സി) | 6,50,000 | 28/13-14 തീ.03.09.13 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |
| 3 | 89/13-14 | ഐ.എ.വൈ. വിഹിതം.(ജനറൽ) | 4,68,750 | 27/13-14 തീ.03.09.13 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |

| | | | | | |
|---|---|---|---|---|---|
| 4 | 7/14-15 | ഐ.എ.വൈ. വിഹിതം.(ജനറൽ) | 3,20,000<br>4,80,000 | 48/14-15<br>തീ.28.03.15<br>23/14-15<br>തീ.25.11.14 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |
| 5 | 8/14-15 | ഐ.എ.വൈ. അധിക വിഹിതം.(എസ്.സി) | 3,00,000 | 44/14-15<br>തീ.24.03.15 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |
| 6 | 9/14-15 | ഐ.എ.വൈ. അധിക വിഹിതം.(എസ്.ടി) | 65,000 | 24/14-15<br>തീ.25.11.14 | കൊടുവള്ളിബ്ലോക്ക് പഞ്ചായത്തിന്കൈമാറി |
| 7 | 323/14-15 | പി.എച്ച്.സി. ഉപകേന്ദ്രനിർമ്മാണം | 2,60,000 | 43/14-15<br>തീ.26.03.15 | ജില്ലപ്രോഗ്രാം മാനേജർക്ക് (ആരോഗ്യകേരളം) കൈമാറി |
| 8. | എസ്.0006/14 | എസ്.എസ്.എ.വിഹിതം നൽകൽ | 500000 | 3/13-14<br>തി.20-9-13 | നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ |
| | | ആകെ | 4618500 | | |

മേൽ തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-5 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം- പൂർത്തീകരണവിവരം ലഭ്യമല്ല.

2014-15 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാർ വെയ്ക്കുകയോ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം | പ്രൊജക്റ്റ് നം. പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ.നം, തീയതി |
|---|---|---|---|
| 1 | 153/15 . കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 100000 | 36/14-15 തീ.28.02.15 |
| 2 | 154/15 .കല്ലറക്കൽ അമ്പാട്ടുപ്പടിറോഡ് പൈപ്പ് ലൈൻ നീട്ടൽ | 50000 | 37/14-15തീ.28.02.15 |
| 3 | 159/15 .അംഗനവാടികൾ കൃഷിഭവൻ,മൃഗാശുപത്രി,- വാട്ടർ കണക്ഷൻ | 110000 | 35/14-15 തീ.28.02.15 |
| ആകെ | | 260000 | |

വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 2,60,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 ചെമ്പിലി കോളിക്കുന്ന് കുടിവെള്ള പദ്ധതി - മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല.

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ - 162/13

എഗ്രിമെന്റ് നമ്പർ -78/27.03.2013

തുക - 62,500

ബിൽ നമ്പർ -178/14.03.2014

അടങ്കൽ -2,50,000(വികസന ഫണ്ട്, ടി.എസ്.പി)

കൺവീനർ -ശ്രീ. കരിമത്തൻ

മേൽ കുടിവെള്ള പദ്ധതിയ്ക്ക് കിണർ, പമ്പ് ഹൗസ്, ടാങ്ക്, പൈപ്പ് ലൈൻ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. പ്രവൃത്തിക്കു വേണ്ടി മേൽ സൂചിപ്പിച്ച പ്രകാരം കൺവീനർക്ക് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകി രണ്ട് വർഷത്തോളമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -വിവരങ്ങൾ ലഭ്യമായിട്ടില്ല.

2014-15 സാമ്പത്തികവർഷം പഞ്ചായത്തിലേക്ക് ആവശ്യമായ തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.ഇതനുസരിച്ച് താഴെ ചേർത്ത പ്രകാരം ക്രൂസ്, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് നം | പേര് | ചെലവ് | ബിൽ.നം/ തിയ്യതി | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|
| 233/15 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 31801/- | 22/14-15 തി.25.11.14 | 20 എണ്ണം 2x11 വാട്ട് സി.എഫ്.എൽ വിളക്കുകളും അനുബന്ധ സാമഗ്രികളും |
| 234/15 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 230395/- 246623/- | 20/14-15 തി.25.11.14 21/14-15 തി.25.11.14 | 300 എണ്ണം 2x11 വാട്ട് സി.എഫ്.എൽ വിളക്കുകളും അനുബന്ധ സാമഗ്രികളും |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന, വിളക്കുകൾ സ്ഥാപിക്കേണ്ടത് സംബന്ധിച്ച് സർവ്വേ നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2.ഏതെല്ലാം വാർഡുകളിലെ തെരുവ് വിളക്കുകളാണ് കേടായവ എന്നും, ഏതെല്ലാമാണ് മാറ്റി സ്ഥാപിച്ചത് എന്നതിന്റെയും, ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ കേടായവ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല .

3.തെരുവ് വിളക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് KSEB അധികൃതർ സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകളില്ല.

4.തെരുവ് വിളക്കുകളുടെയും അനുബന്ധ സാമഗ്രികളുടെയും ഉപയോഗം ഏതെല്ലാം സ്ഥലങ്ങളിലാണ് എന്നതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.2) കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകൾ സ്ഥാപിക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ ഓരോ വാർഡ് മെമ്പർമാരും വാർഡിൽ പരാശോധന നടത്തി രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 പഞ്ചായത്ത് തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

| തീരുമാനം നമ്പ്ര/ തിയതി | വിഷയം |
|---|---|
| 88(4)/13 തീയതി 17.05.2013 | ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസറുടെ 13.05.2013 ലെ 308/08 നമ്പർ ഉത്തരവ് പ്രകാരം വട്ടച്ചിറ കോളനി കുടിവെള്ള പദ്ധതി ഗ്രാമഞ്ചായത്തിന് കൈമാറിയതായും പ്രസ്തുത കുടിവെള്ള പദ്ധതി പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും തുടർ നടത്തിപ്പിനായി ആവശ്യമായി വരുന്ന തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. |
| 89/13 തീയതി 17.05.2013 | ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് വളരെ അപര്യാപ്തമായതിനാലും പട്ടികവർഗ്ഗ വികസന ഫണ്ട് വളരെ പരിമിതമായതിനാലും ചെമ്പുകടവ് അംബേദ്കർ കോളനിയുടെ ശോച്യാവസ്ഥ പരിഗണിച്ച് പ്രസ്തുത കോളനിയിൽ റോഡ് സൌകര്യവും വെളിച്ചവും എത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. |
| 91/13 തീയതി 17.05.2013, | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ കൃത്യമായി നടക്കുന്നു എന്നുറപ്പു വരുത്താൻ വിജിലൻസ് & മോണിറ്ററിങ് കമ്മറ്റി രൂപീകരിക്കുകയും പരിശോധന നടത്തുന്നതിന് തീരുനമാനിക്കുകയും ചെയ്തു. 9 മണി മുതൽ 5 മണി വരെ പ്രവൃത്തികൾ നടത്തുന്നു എന്നുറപ്പാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥരോട് ഫീൽഡിൽ സർപ്രൈസ് ചെക്ക് നടത്തുന്നതിന് നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചു. |
| 169/13 തീയതി 7.11.2013 111/13തിയതി 27.07.2013, 144/13തിയതി 27.08.2013 | സർക്കാർ നിർദ്ദേശ പ്രകാരം ആസ്തി രജിസ്റ്റർ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു. |

| | |
|---|---|
| 161/13തിയതി 7.11.2013 | |
| 149/13(1,2,3)തിയതി 13.09.2013 | ബസ് വെയിറ്റിങ് ഷെഡ്, കുടിവെള്ളം, ടാങ്ക്, കിണർ എന്നിവയുടെ നിർമ്മാണത്തിനായി യഥാക്രമം 1 സെൻറ്, 2സെൻറ്, 2 3/4 സെൻറ്, സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തു വാങ്ങുന്നതിനും ചെലവു തുക തനതു ഫണ്ടിൽ നിന്ന് വഹിക്കുന്നതിനും തീരുമാനിച്ചു. |

മേൽ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

കോടഞ്ചേരി സൌത്ത് ഇൻഡ്യൻ ബാങ്കിലുള്ള ആശ്രയ പദ്ധതി അക്കൌണ്ടിൽ (അക്കൌണ്ട് നമ്പർ 053000001171) 31.12.2015 ന് 32,41,352/- രൂപ നീക്കിയിരിപ്പുണ്ട്. തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| തുക | ഇനം |
|---|---|
| 49,582 | പൊതു വിഭാഗത്തിനും പട്ടിക വർഗ്ഗ വിഭാഗത്തിനുമായി ഒന്നാം ഘട്ടത്തിൽ ലഭിച്ച ചലഞ്ചിങ് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുക. |
| 4,450 | |
| 4,99,902 | രണ്ടാം ഘട്ട ചലഞ്ചിങ് ഫണ്ട് തുക |
| 8,78,000 | 18.12.2009 ൽ പട്ടിക വർഗ്ഗ ഭവന നിർമ്മാണത്തിനായി ലഭിച്ച വികസന ഫണ്ട്. |
| 10,00,000 | 2008-09 ൽ ലഭിച്ച വികസന ഫണ്ട്. (വിശദാംശം ലഭ്യമല്ല) |
| 10,000 | സംഘകൃഷിക്കായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച തുക തെറ്റായി അക്കൌണ്ടിൽ നിക്ഷേപിച്ചത്. |
| 5,61,752 | പലിശ |
| 1,50,000 | ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 2014-15 വർഷം ലഭിച്ച വികസന ഫണ്ടിൽ ശേഷിക്കുന്നത്. |
| 50,000 | |
| 37666 | വിശദാംശം ലഭ്യമല്ല. |

നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. 12-4-2016 ലെ ജി.ഒ.(പി.) 177/06 ധനം ഉത്തരവ് ഖണ്ഡിക 10 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള വികസന ഫണ്ട് കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കി അറിയിക്കേണ്ടതാണ്.

## 3-10 ഭവനനിർമ്മാണം - പൂർത്തിയാക്കിയില്ല

നിർവ്വഹണം വി.ഇ.ഒ

ഭവന നിർമ്മാണത്തിനായി വിവിധ വർഷങ്ങളിലായി വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റി ഇതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര്/ വർഷം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ഡി.ഡി. നമ്പർ/ തിയതി |
|---|---|---|---|
| പട്ടികജാതി ഭവന നിർമ്മാണം - 2011-12<br>പ്രൊജക്ട് നമ്പർ 17/12 | 1. സതീഷ് ഒ.എം ഒതയമംഗലത്ത് | 30,000 | 026532/15.12.2011 |
| | 2. റീത്ത മൂത്തോറൽ | 30,000 | 027057/06.02.2012 |

| | | | |
|---|---|---|---|
| വനിത ഭവനം-2011-12<br>പ്രൊജക്ട് നമ്പർ<br>95/12 | 1. ശ്രീജ, തയ്യിൽ | 22,500<br>30,000 | 027063/06.02.2012<br>700514/28.02.2013 |
| | 2. മാർഗരറ്റ് ,<br>നീലം പറമ്പിൽ | 22,500<br>30,000 | 028038/30.03.2012<br>701184/28.03.2013 |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ജില്ലാ പഞ്ചായത്തിനു കൈമാറുന്നതിനു തീരുമാനിച്ചു -

ഗ്രാമപഞ്ചായത്തിന്റെ 27.07.2013 ലെ 118/13(1) തീരുമാനപ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പാത്തിപ്പാറ റോഡ്, വാണിയപുരം റോഡ്, മഞ്ഞുമല അങ്ങാടി റോഡ്, ചെത്തിപ്പുഴപ്പടി കരിക്കുന്നേൽപ്പടി റോഡ്, പുളിക്കൽ റോഡ്, ഉദയനഗർ സൊസൈറ്റി റോഡ് എന്നീ റോഡുകളും 13.09.2013 ലെ 148/2013(1) തീരുമാനപ്രകാരം മറ്റ് 27 റോഡുകളും ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വിശദമാക്കിയിട്ടുണ്ട്. ടി വകുപ്പിലെ ആറാം ഉപവകുപ്പ് പ്രകാരം മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും സർക്കാർ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡുകളടക്കമുള്ള വസ്തുവകകളും സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും നിക്ഷിപ്തമാവുന്നതും. മേൽ വകുപ്പിലെ ഉപവകുപ്പ് (8) പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാർ കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്തുവാനോ കടപ്പെടുത്തുവാനോ അധികാരം ഉണ്ടായിരിക്കുന്നതല്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനോ കയ്യൊഴിക്കാനോ പാടുള്ളതല്ലെന്ന് അനുശാസിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലെയും, ചട്ടങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ജില്ലാപഞ്ചായത്തിനു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. മേൽ നടപടിയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 പട്ടികജാതി സ്ഥലം വാങ്ങൽ - അപാകത സംബന്ധിച്ച്

നിർവ്വഹണം - വി.ഇ.ഒ

പ്രൊജക്ട് നമ്പർ - 166/14-15

ചെലവു തുക /ബിൽ നമ്പർ--35,000 3/31.10.2014(വികസന ഫണ്ട്, എസ്.സി.പി)

1,15,000 2,31.10.2014(ജില്ലാപഞ്ചായത്ത് ഫണ്ട്)

ഭൂരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം, ശ്രീമതി. മാളു, ഒരപ്പങ്കൽ എന്ന ഗുണഭോക്താവിന് സ്ഥലം വിറ്റ വകയിൽ 1,50,000 രൂപ ശെൽവരാജ്, മേരിലാന്റ് എന്നയാൾക്കു നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ആധാരം പരിശോധിച്ചതിൽ, 2.02 ആർസ് (5 സെന്റ്) സ്ഥലവും പ്രസ്തുത സ്ഥലത്തുള്ള കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യമായതും വാസയോഗ്യമല്ലാത്തതുമായ വീടും കൂടി ഉൾപ്പെടുന്നതായി കാണുന്നു. സ്ഥലത്തിന് 1,42,500/- രൂപയും വീടിന് 7,500/- രൂപയും കൂടിയാണ് 1,50,000/- വില നിശ്ചയിച്ചതായി കാണുന്നത്. മേൽ പ്രൊജക്ട്പ്രകാരം സ്ഥലം വാങ്ങുന്നതിന് തുക നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് . അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 എസ്.എൽ.ഐ.പ്രീമിയം പുതുക്കിയ നിരക്കിൽ ഈടാക്കുന്നില്ല

9.2.2012 ലെ ജി.ഒ.(പി)104/12 ഫിൻ.നം.ഉത്തരവുപ്രകാരം 1.4.12 മുതൽ ജീവനക്കാരുടെ എസ്.എൽ.ഐ.പ്രീമിയം നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും പുതുക്കിയനിരക്കിൽ പ്രീമിയം ഈടാക്കിയിട്ടില്ല.വിശദവിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പേര് / തസ്തിക | അടിസ്ഥാന ശമ്പളം(3/2015) | അടയ്ക്കുന്ന തുക | അടയ്ക്കേണ്ടുന്ന തുക |
|---|---|---|---|---|
| 1 | കെ.ഗിരീഷ് കുമാർ<br>അസി.സെക്രട്ടറി | 17420 | 175 | 225 |
| 2 | ടി.എം.മനോജ് കുമാർ<br>ഓ.അ | 11620 | 150 | 225 |

അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പ്രൊജക്ടുകളുടെ ആധിക്യം - പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല – ധന നഷ്ടം

2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 227ഉം 329ഉം പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ആദ്യ വർഷത്തിൽ 54ഉം തുടർവർഷത്തിൽ 115ഉം പദ്ധതികൾക്ക് തുകയൊന്നും വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ലെന്ന് ചെലവു രേഖകൾ കാണിക്കുന്നു. ഇതുകൊണ്ടു തന്നെ ആകെ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയിൽ 2013-14 വർഷത്തിൽ 66.8%വും 2014-15 വർഷത്തിൽ 62%വും മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

2013-14 വർഷത്തിൽ അംഗീകാരം വാങ്ങിയ 227 പ്രൊജക്ടുകളിൽ 167 എണ്ണവും 2014-15 ലെ 329 പ്രൊജക്ടുകളിൽ 240 എണ്ണവും പശ്ചാത്തല മേഖലയിലായിരുന്നു. ഇതിനായി യഥാക്രമം 4.55 കോടി രൂപയും 5.64 കോടി രൂപയും വകയിരുത്തിയെന്നത് (ഇരുവർഷങ്ങളിലും ആകെ പ്രൊജക്ട് കോസ്റ്റിന്റെ 60% ൽ അധികം ഇത് വരുന്നുണ്ട്) ആസൂത്രണത്തിലെ പിഴവ് വ്യക്തമാക്കുന്നു. ഇവയിൽ യഥാക്രമം 45ഉം 97 ഉം പ്രൊജക്ടുകൾക്ക് മേൽ വർഷങ്ങളിൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. ഇരു വർഷങ്ങളിലും ചെലവു ശതമാനം കുറയാൻ ഇത് ഒരു പ്രധാന കാരണമായിട്ടുണ്ട്. ഒരു അസി.എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമുള്ള

സ്ഥാപനത്തിൽ , പദ്ധതികളുടെ ബാഹുല്യം കാരണം പ്രവൃത്തികളുടെ മേൽനോട്ടം, അളവെടുക്കൽ എന്നിവ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2012-13 വർഷത്തിൽ സംരക്ഷണ ഗ്രാന്റ് ഇനത്തിൽ ചെലവുകുറഞ്ഞതിനാൽ 2014-15 വർഷത്തിൽ ഇരുവിഭാഗങ്ങളിലുമായി 13.28 ലക്ഷം രൂപയും; 2013-14 വർഷത്തിൽ സംരക്ഷണ ഗ്രാന്റ് ഇനത്തിൽ ചെലവുകുറഞ്ഞതിനാൽ 7.09 ലക്ഷം രൂപയും അടക്കം ആകെ 20.37 ലക്ഷം രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - ലഘു അവലോകനം

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് 2013-14 വർഷത്തിൽ 47477/- രൂപ മുൻബാക്കി ഉൾപ്പെടെ ആകെ 7854104/- രൂപ വരവും തൊഴിലാളികളുടെ കൂലി, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 7780234/- രൂപ ചെലവും 23565/-രൂപ നീക്കിയിരിപ്പുമുണ്ട്. തൻവർഷം 336 പ്രൊജക്റ്റുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 205 പ്രൊജക്റ്റുകളേ നടപ്പാക്കിയിട്ടുള്ളു. ഗ്രാമപഞ്ചായത്തിലെ 4110 കുടുംബങ്ങൾപ്രസ്തുത വർഷം തൊഴിൽകാർഡിനായി അപേക്ഷിച്ചതിൽ അത്രയും തന്നെ കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയിട്ടുമുണ്ട് . തൊഴിൽ ആവശ്യപ്പെട്ട 2026 കുടുംബങ്ങളിൽ 1861കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 207 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ആകെ 67473 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ എന്നിവയുൾപ്പെടെ ആസ്തികൾ സൃഷ്ടിക്കുന്ന ഒരു പ്രവൃത്തി ചെയ്തിട്ടുണ്ട് (കിണർ നിർമ്മാണം)

2014-15 വർഷത്തിൽ 23565/-രൂപ മുൻബാക്കി ഉൾപ്പെടെ ആകെ 14110866/- രൂപ വരവും തൊഴിലാളികളുടെ കൂലി, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 14201413/-രൂപ ചെലവും 72721/-നീക്കിയിരിപ്പുമുണ്ട്. തൻവർഷം 530 പ്രൊജക്റ്റുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 189 പ്രൊജക്റ്റുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളു. ഗ്രാമപഞ്ചായത്തിലെ 4348കുടുംബങ്ങൾ പ്രസ്തുത വർഷം തൊഴിൽകാർഡിനായി അപേക്ഷിച്ചതിൽ അത്രയും തന്നെ കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയിട്ടുമുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 2084കുടുംബങ്ങളിൽ 1737കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 151കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ആകെ 50951 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ നടന്നിട്ടില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിടനിർമ്മാണ ചട്ടങ്ങളും

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ – 2011 ലെ ചട്ടം 3 (4) പ്രകാരം കാറ്റഗറി 1 ഗ്രാമപഞ്ചായത്തായ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു .

**<u>കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളും അനുമതിയും</u>**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരാൾ കുടിൽ അല്ലാതെയുള്ള ഏതൊരു കെട്ടിടവും നിർമ്മിക്കുവാനോ പുനർനിർമ്മിക്കുവാനോ നിർമ്മാണത്തിൽ മാറ്റം വരുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ് [ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 എഫ്; കെ.പി.ബി .ആർ 2011, ചട്ടം 7]. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിയമാനുസൃതവും മറ്റു ന്യൂനതകൾ ഇല്ലാത്തതുമാണെങ്കിൽ അവ ലഭിച്ച് 30 ദിവസത്തിനകം സെക്രട്ടറി രേഖാമൂലമായ ഒരു ഉത്തരവ് വഴി നിർമ്മാണത്തിന് അനുമതി നൽകുകയോ മതിയായ കാരണങ്ങളുണ്ടെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും അക്കാര്യം അപേക്ഷകനെ അറിയിക്കേണ്ടതുമാണ് [കെ.പി.ബി .ആർ 2011, ചട്ടം 14 & 15]. കൂടാതെ അപേക്ഷയിൽ തീരുമാനമെടുക്കാൻ കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ അപേക്ഷ ലഭിച്ച് 10 ദിവസത്തിനുള്ളിൽ സെക്രട്ടറി പ്രസ്തുത വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ് [ കെ.പി.ബി .ആർ 2011, ചട്ടം 11(5) ]. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭിച്ച കെട്ടിട നിർമാണ അനുമതിക്കുള്ള അപേക്ഷകളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ലഭിച്ച ആകെ അപേക്ഷകൾ | ചട്ടപ്രകാരം സമയത്തിനുള്ളിൽ തീർപ്പാക്കിയവ | സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയവ | നിരസിച്ച അപേക്ഷകൾ | സമയപരിധിക്കുള്ളിൽ തീർപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|---|
| 2013-14 | 399 | 281 | 118 | ------------ | 70 |
| 2014-15 | 379 | 275 | 103 | 1 | 72 |

അപേക്ഷകളുടെ സൂക്ഷ്മപരിശോധനാ സമയത്ത് ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ സംബന്ധിച്ച് അപേക്ഷകനെ വിവരമറിയിക്കേണ്ടി വരുന്നതും തുടർന്ന് അപേക്ഷകരിൽ നിന്ന് ന്യൂനതകൾ പരിഹരിച്ച് കിട്ടുന്നതിനുള്ള കാലതാമസവും, അപേക്ഷകൻ പെർമിററ് ഫീ അടക്കുന്നതിലുള്ള കാലതാമസവും മൂലമാണ് പ്രധാനമായും ചട്ടപ്രകാരമുള്ള സമയപരിധിക്കകം അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്നത് .

ഓഡിറ്റ് കാലയളവിൽ ഒരു അപേക്ഷ മാത്രമാണ് നിരസിച്ചത്. (Sl.No.156/2014-15, File No. 5596/10.09.2014). അപേക്ഷ പ്രകാരമുള്ള കെട്ടിടം പുതുപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പടുന്നതിനാലാണ് പ്രസ്തുത അപേക്ഷ നിരസിച്ചിട്ടുള്ളത്. മറ്റുള്ള കാരണങ്ങളാൽ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നിരസിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള 3 വർഷ പെർമിററ് കാലാവധിക്കുള്ളിൽ തന്നെ മിക്ക അപേക്ഷകരും നിർമ്മാണം പൂർത്തിയാക്കുന്നുണ്ട്. പൂർത്തിയാക്കാത്തവയുടെ കാര്യത്തിൽ പെർമ്മിറ്റ് കാലാവധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി 2 തവണ വരെ കാലാവധി കൂട്ടി നൽകുന്നുണ്ട്.

അപക്ഷകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചട്ടപ്രകാരമുള്ള കാലപരിധി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കെ.പി.ബി.ആർ 2011, ചട്ടം 7(1എ) പ്രകാരം സ്ഥാപനത്തിൽ ഇ-ഫയലിങ് സംവിധാനം പ്രാബല്യത്തിലുള്ള പക്ഷം കെട്ടിടനിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ ഇ-ഫയലിങ് വഴിയും സമർപ്പാക്കാവുന്നതാണ്. കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഈ സംവിധാനം നിലവിലില്ലാത്തതിനാൽ അപേക്ഷകർ ഇപ്പോഴും പെർമ്മിറ്റ് അപേക്ഷകൾ നേരിട്ടുതന്നെയാണ് നൽകുന്നത്. കെട്ടിടനിർമ്മാണ പെർമ്മിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി ഐ.കെ.എം വികസിപ്പിച്ച 'സങ്കേത' എന്ന സോഫ്റ്റ് വെയർ പഞ്ചായത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

**നിർമ്മാണങ്ങളുടെ പൂർത്തീകരണവും തുടർനടപടികളും**

അനുവദിക്കപ്പെട്ട പെർമ്മിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ഉടമ ആയത് സംബന്ധിച്ച ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും [കെ.പി.ബി.ആർ 2011, ചട്ടം 25(1)], നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെന്ന് ബോധ്യപ്പെട്ടാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി കൈവശാവകാശ (ഒക്യുപ്പെൻസി) സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ് [ചട്ടം 25(3)]. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ചട്ടം 25(1) പ്രകാരം ലഭിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റുകളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പൂർത്തീകരണ അപേക്ഷകളുടെ എണ്ണം | ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തീർപ്പാക്കിയവ | ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയവ |
|---|---|---|---|
| 2013-14 | 351 | 294 | 57 |
| 2014-15 | 477 | 394 | 83 |

ആകെ ലഭിച്ച അപേക്ഷകളിൽ 83% നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുകയും , കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. ചട്ടം 25(3)പ്രകാരം 15 ദിവസങ്ങൾക്കുള്ളിൽ അത്തരത്തിലുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാത്ത പക്ഷം അപ്രകാരമുള്ള സർട്ടിഫിക്കറ്റ് യഥാവിധി അനുവദിച്ചെന്നത് പോലെ ഉടമസ്ഥന് മുന്നോട്ട് പോകാവുന്നതാണ്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

1.കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിങ്ങനെ രണ്ട് രജിസ്റ്ററുകളാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി നികുതി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ എല്ലാ കോളങ്ങളും (Examples:- Date of Completion, Assesment No) പൂരിപ്പിക്കുന്നില്ല. ഇതു മൂലം പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് കെട്ടിട നമ്പർ നൽകി യഥാകാലം നികുതി ചുമത്തപ്പെടുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ പ്രയാസമാണ്.

2)റഗുലറൈസേഷൻ രജിസ്റ്റർ

2013-14,2014-15 വർഷങ്ങളിൽ കെ.പി.ബി.ആർ 2011, ചട്ടം 137(3) പ്രകാരം അനുബന്ധം - ജെ ഫോറത്തിൽ സൂക്ഷിക്കേണ്ട റഗുലറൈസ് ചെയ്ത കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യക റഗുലറൈസേഷൻ രജിസ്റ്റർ(പെർമ്മിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ) സൂക്ഷിച്ചിട്ടില്ല. റഗുലറൈസേഷനുള്ള അപേക്ഷകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | റഗുലറൈസേഷൻ അപേക്ഷ | റഗുലറൈസേഷൻ ചെയ്തത് | നിരസിച്ചത് | പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|---|
| 2013-14 | 47 | 47 | -- | 47 |
| 2014-15 | 137 | 137 | -- | 137 |

റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിന്റെ സൂക്ഷിപ്പ് കുറ്റമറ്റതാക്കേണ്ടതുമാണ്

**കേസുകൾ**

ലഭ്യമാക്കിയ ഫയലുകൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മുൻപാകെ ഒരുകേസു നിലവിലുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | അന്യായക്കാരൻ |
|---|---|---|
| 1 | 1/2015(SZ) | അഡ്വ. കെ. സവാദ് |

കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച കൈതപ്പൊയിലിൽ മർക്കസ് നോളജ് സിറ്റി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടാണ് കേസ് നടക്കുന്നത്.

**മൊബൈൽ ടവറുകൾ**

പഞ്ചായത്തിൽ നിലവിൽ 8മൊബൈൽ ടവറുകൾ ഉണ്ട് . മൊബൈൽ ടവറുകൾക്കെതിരെ പരാതികളൊന്നും ഇല്ല. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ പുതിയ മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നല്കിയിട്ടില്ല. .

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ.നം | വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | 2011-12 | കൊടുവള്ളി ബ്ലോക്ക് | -- | തെങ്ങ്കൃഷി വികസനം | -- | 43500 |
| 2 | 2011-12 | ടി | -- | ആശ്രയ | -- | 80000 |
| 3 | 2011-12 | ടി | -- | അംഗനവാടിപേഷകാഹാരം | -- | 333370 |
| 4 | 2011-12 | ടി | -- | ടി | -- | 27716 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 2012-13 | ജില്ലാ പഞ്ചായത്ത് | -- | എസ്.സി.സ്ഥലം വാങ്ങൽ | -- | 435000 |
| 6 | 2012-13 | ടി | -- | ശാന്തിനഗർ ഇല്ലിചുവട് റോഡ് | -- | 141142 |
| 7 | 2012-13 | ടി | -- | കേളംകുന്നേൽപടി റോഡ് | ---- | 167818 |
| 8 | 2013-14 | ടി | -- | അംഗനവാടി പോഷകാഹാരം | 333095 | 27991 |
| 9 | 2013-14 | ടി | -- | തെങ്ങുകൃഷി വികസനം | -- | 43500 |
| 10 | 2013-14 | ടി | -- | ആശ്രയ | -- | 80000 |
| 11 | 2013-14 | ടി | -- | ശാന്തിനഗർ ഇല്ലി ചുവട് റോഡ് | 140302 | 840 |
| 12 | 2013-14 | ടി | -- | കേളം കുന്നേൽ പടിവെട്ടികുഴിപ്പടിറോഡ് | 167818 | -- |
| 13 | 2013-14 | ടി | 100000 | തോണിപ്പാറ ബസ് വെയ്റ്റിംഗ്ഷെഡ് നിർമ്മാണം | -- | 100000 |
| 14 | 2013-14 | ടി | 300000 | നെല്ലിപ്പൊയിൽ വിമലഹോസ്പിറ്റൽ സൈഡ്ഡാറോഡ് | 296478 | 3522 |
| 15 | 2013-14 | ടി | 100000 | വെള്ളിമുണ്ട ട്രാൻസ്ഫോർമർപടി ഹൈസ്ക്കൂൾ റോഡ് | 100000 | -- |
| 16 | 2013-14 | ടി | 100000 | വടക്കേതടം ബഥനിപ്പടി റോഡ് | 99146 | 854 |
| 17 | 2013-14 | ടി | 200000 | ശാന്തിനഗർ കുറ്റൂർ റോഡ് | 186498 | 13502 |
| 18 | 2013-14 | ടി | 100000 | മാനാംകുന്ന് അംഗനവാടി ചുണ്ടക്കുന്ന് റോഡ് | 100000 | -- |
| 19 | 2013-14 | ടി | 100000 | മുഞ്ഞലിപ്പടി വേട്ടുകല്ലുംപുറം റോഡ് | 100000 | -- |
| 20 | 2013-14 | ടി | 300000 | മനയത്തുംകണ്ടി കളത്തുർപടി റോഡ് | -- | 300000 |
| 21 | 2013-14 | ജില്ലാ പഞ്ചായത്ത് | 190000 | തോട്ടുമുഴി കുടിവെള്ള പദ്ധതി | -- | 190000 |
| 22 | 2013-14 | ടി | -- | എസ്.സി.സ്ഥലം വാങ്ങൽ | 300000 | 135000 |
| 23 | 2013-14 | ടി | 25000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 25000 | -- |
| | | 2014-15 | | | | |
| 24 | 2014-15 | കൊടുവള്ളി ബ്ലോക്ക് | 50000 | മാനസികശാരീരിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50000 | -- |
| 25 | 2014-15 | ടി | 37620 | അംഗനവാടികൾക്ക് അധിക സിലിണ്ടർ | 37620 | -- |
| 26 | | ടി(മുന്നിരിപ്പ്) | -- | തോണിപ്പാറ ബസ് വെയ്റ്റിംഗ്ഷെഡ് നിർമ്മാണം | 100000 | -- |
| 27 | | ടി(മുന്നിരിപ്പ്) | -- | മനയത്തുംകണ്ടി കളത്തുർപടി റോഡ് | 300000 | -- |
| 28 | | ടി (മുന്നിരിപ്പ്) | -- | അംഗനവാടി പോഷകാഹാരം | -- | 27991 |
| 29 | | ടി(മുന്നിരിപ്പ്) | -- | ആശ്രയ | -- | 80000 |
| 30 | | ടി(മുന്നിരിപ്പ്) | -- | ശാന്തിനഗർ ഇല്ലി ചുവട് റോഡ് | 140302 | 840 |
| 31 | | ടി(മുന്നിരിപ്പ്) | -- | നെല്ലിപ്പൊയിൽ വിമലഹോസ്പിറ്റൽ സൈഡ്ഡാറോഡ് | 296478 | 3522 |
| 32 | | ടി(മുന്നിരിപ്പ്) | -- | വടക്കേതടം ബഥനിപ്പടി റോഡ് | 99146 | 854 |
| 33 | | ടി(മുന്നിരിപ്പ്) | -- | ശാന്തിനഗർ കുറ്റൂർ റോഡ് | 186498 | 13502 |

| | | | | | | |
|---|---|---|---|---|---|---|
| 34 | | ടി(മുന്നിരിപ്പ്) | -- | തെങ്ങുകൃഷി വികസനം | -- | 43500 |
| 35 | 2014-15 | ജില്ലാ പഞ്ചായത്ത് | -- | എസ്.സി.സ്ഥലം വാങ്ങൽ | 115000 | 20000 |

(മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് തുക എ.എഫ്.എസിലെ ബി.4 ഷെഡ്യൂളിൽ ഉൾപ്പെടാത്തതാണ്)
16-11-2013 ലെ എം.എസ് 362/13 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 11.13(viii) പ്രകാരം ചെലവഴിക്കാത്ത തുക അതാത് സ്ഥാപനങ്ങൾക്ക് തിരിച്ചു കൊടുക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിൽ രൂപ മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി ചെലവഴിക്കാൻ ഉള്ളതിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്,നം | ചെക്ക്/ഡി.ഡി/ വൗ.നം.,തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി | 153/15 . കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 025567 തീ.28.02.15 | 100000 | -- | 100000 |
| 2 | വാട്ടർ അതോറിറ്റി | 154/15 .കല്ലറക്കൽ അമ്പാട്ടുപ്പടിറോഡ് പൈപ്പ് ലൈൻ നീട്ടൽ | 025568 തീ.28.02.15 | 50000 | -- | 50000 |
| 3 | വാട്ടർ അതോറിറ്റി | 159/15 .അംഗനവാടികൾ കൃഷിഭവൻ,മൃഗാശുപത്രി,-വാട്ടർ കണക്ഷൻ | 025566 തീ.28.02.15 | 110000 | -- | 110000 |
| 4 | വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വൗ.നം155 തി.07.02.14 | 12956 | -- | 12956 |
| 5 | വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വൗ.നം.156 07.02.14 | 432024 | -- | 432024 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 62500/- രൂപ നൽകിയിട്ടുണ്ട്. (2013-14ൽ) പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകിയിട്ടുമുണ്ട്.

| കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം, തീയ്യതി | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| കരിമത്തൻ | ചെമ്പിലികോളിക്കുന്ന് കുടിവെള്ള പദ്ധതി | 178/14.03.14 | 62500 | -- | 62500 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വർഷം | വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2013-14 | ഇ.എം.എസ്. ഭവന പദ്ധതി | 322/10 ത.സ്വ.ഭ.വ 29.01.2010 | 17410000 | 10838510 | 3087021 | 516740 | 7751489 |
| 2014-15 | | | | 7751489 | 3337956 | -- | 4413533 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | 2013-14 | 2014-15 |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 235259 | 245959 |
| തൻവർഷം നിക്ഷേപിച്ച തുക | 10700 | 200000 |
| ആകെ | 245959 | 445959 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 245959 | 445959 |

(2014-15)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി.ബാങ്ക് താമരശ്ശേരി<br>രശീതി നം.100151807520006 | 209025 |
| കെ.ഡി.സി.ബാങ്ക് താമരശ്ശേരി<br>രശീതി നം.100151807520007 | 36934 |
| കെ.ഡി.സി.ബാങ്ക് കൊടുവള്ളി<br>രശീതി നം.100501807520002 | 200000 |
| ആകെ | 445959 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2011-12<br>12-13 | 2-1 | 250 | വിൻസെന്റ്.ഡി.കെ<br>യു.പി.എസ്.എ | 34185/15/31.01.14 |
| | | 250 | ഷിജു വർഗീസ്<br>യു.പി.എസ്.എ | 110011470/20.06.14 |
| | | 250 | വിനോദ് ജോർജ്ജ്<br>ലൈവ്സ്റ്റോക്ക്ഇൻസ്പെക്ടർ | 1100001/01.04.14 |
| | | 250 | ജോബി<br>ഐസിഡിഎസ് | 1100001/01.04.14 |
| 2011-12<br>12-13 | 2-3 | 2500 | മാവേലിസ്റ്റോർ കോടഞ്ചേരി | 1100881/19.03.14 |
| | | 5000 | മലനാട് ഫ്യുവൽസ് കോടഞ്ചേരി | 34181/26/24.01.14 |
| | | 1250 | എസ്.ബി.ഐ.കോടഞ്ചേരി | 34181/79/28.01.14 |
| 2011-12<br>12-13 | 3- 3 | 87500 | നിതാഷ.സി.ജി.എ.ഇ | 1102708/09.02.15 |
| | 3-8 | 2090 | കെ.സുലൈമാൻ.എക്കൗണ്ടന്റ് | 1100871/02.08.14 |
| | | 1290 | കെ.സുരേഷ് കുമാർ.യു.ഡി.സി | 1100625/03.07.14 |
| | | 1668 | സി.പി.റോസിലി.ഒ.അ | 110626/03.07.14 |
| | | 852 | ജിഷാദലി.എൽ.ഡി.സി | 110624/03.07.14 |
| | | 1798 | പി.എ.സെലീന.എൽ.ഡി.സി | 110725/11.07.14 |
| | | 2818 | പി.ടി.അരവിന്ദൻ.സെക്രട്ടറി | 110867/01.08.14 |
| | | 1732 | കെ.കെ.ചന്ദ്രൻ.യു.ഡി.സി | 110658/05.07.14 |
| | | 1624 | ബൈജു തോമസ്.യു.ഡി.സി | 110698/09.07.14 |
| | | 1624 | അബ്ദുൾഖാദർ.യു.ഡി.സി | 110916/06.08.14 |
| | | 1290 | നവീൻ.എൽ.ഡി.സി | 110600/30.06.14 |

| | | | | |
|---|---|---|---|---|
| | | 1258 | ബിജേഷ്.എൽ.ഡി.സി | 110357/05.07.14 |
| | | 1162 | മനോജ്കുമാർ.ഓ.അ | 110883/04.08.14 |
| | | 622 | മാണിക്യം.പി.ടി.എസ് | 110631/03.07.14 |
| | | 596 | വേലായുധൻ.പി.ടി.എസ് | 110636/31.07.14 |
| | | 2884 | ടി.അബ്ദുള്ള,ജെ.എസ് | 110907/06.08.14 |
| 2005-06 | 2-1 | 300 | ഷെറി ജോസ് എച്ച്.എസ്.എ | 11401101885/17.11.14 |
| | 3-3 | 83687 | സെക്രട്ടറി | ചെലാൻ നം.114/23.04.14 |
| | | 89187 | സെക്രട്ടറി | ചെക്ക് നം.260462/04.04.14 |
| | ആകെ | 293732 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98 | 2003-2004<br>പൊതുപരാമർശം<br>ഖ.നം.3.11.13.7 | നികുതിപിരിവിൽ അലംഭാവം-വൻതുക കാലഹരണപ്പെട്ടു. | പൊതുപരാമർശം |
| 1999-2000 | 2003-2004<br>പൊതുപരാമർശം.ഖ.നം.3.11.13.5 | മൈത്രിഭവനപദ്ധതി-വീട് നിർമ്മിച്ചതിന് രേഖകളില്ല. | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81130478 | 93089968 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80195795 | 83376077 |
| വരവിനങ്ങളിലുള്ള നഷ്ടം | -- | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 81397 | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2693500 | 2185000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**2013-14**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 18897 | പ്രദീപ്കുമാർ.പി<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-6 | | 62500+ 18% പലിശ | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

**2013-14**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2693500 | ശ്രീ പി.ടി.അരവിന്ദൻ സെക്രട്ടറി |

**2014-15**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1425000 | ശ്രീ പി.ടി.അരവിന്ദൻ സെക്രട്ടറി |
| | 500000 | ശ്രീ.ടി.ടി. ജോൺസൺ, ഹെഡ്മാസ്റ്റർ |
| 3-5 | 260000 | ശ്രീ പി.ടി.അരവിന്ദൻ സെക്രട്ടറി |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപ്കുമാർ.പി<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | കിഴക്കേടത്ത്,കൊടുവള്ളി.പി.ഒ<br>കോഴിക്കോട്-673019 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(2)4.09.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(3)4.09.11 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(5)4.09.11 | 8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(6)4.09.11 | 3 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(7)4.09.11 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(8)4.09.11 | 1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(10)4.09.11 | 30 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/12/27.06.12 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/332/12/5.07.13 | 19 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/818/12(1)/30.10.13 | 12 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/13/21.08.13 | 15 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/1464/14/09.10.14 | 11 |

ഡപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.